**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 757** — **08.11.2016 - ൽ മറുപടിക്ക്.**

## സിഡ്കോ നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ.വി. വിജയദാസ്,<br>ശ്രീ. കെ. ദാസൻ,<br>ശ്രീ. എം. രാജഗോപാലൻ,<br>ശ്രീ. എം. സ്വരാജ്. | **ശ്രീ. പിണറായി വിജയൻ**<br>**(മുഖ്യമന്ത്രി).** |
| (എ) മുൻ സർക്കാരിന്റെ കാലത്ത് സിഡ്കോ നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ പരിശോധിച്ചിട്ടുണ്ടോ ; | (എ) ഉണ്ട്. |
| (ബി) സ്ഥാപനത്തിന്റെ ഉല്പന്ന വിപണന ത്തിലെ പോരായ്മകൾ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; ഉല്പന്നങ്ങളുടെ ഗുണനിലവാരക്കുറവും ഉയർന്ന വിലയും സ്ഥാപനത്തിന്റെ വിപണനരംഗത്തെ പ്രതികൂലമായി ബാധിച്ചതു പരിഹരിക്കാൻ ശ്രദ്ധിക്കുമോ ; വിശദമാക്കുമോ ; | (ബി) സിഡ്കോയുടെ വിപണന സംവിധാനത്തിലെ പോരായ്മകൾ ശ്രദ്ധയിൽ പ്പെട്ടിട്ടില്ല. സർക്കാർ അംഗീകരിച്ച് നൽകിയിട്ടുള്ള റേറ്റ് കോൺട്രാക്ട് വ്യവസ്ഥപ്രകാരമാണ് വിപണനം നടക്കുന്നത്. ഇപ്രകാരമല്ലാത്ത ഉത്പന്നങ്ങളുടെ വിപണനത്തിലെ പോരായ്മ പരിഹരിക്കുവാൻ ശ്രദ്ധിക്കുന്നതാണ്. നിർമ്മാണ മേഖലയ്ക്ക് ആവശ്യമായ ബിറ്റുമിൻ, വാക്സ് മുതലായവ കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും വാങ്ങിയാണ് വിപണനം നടത്തുന്നത്. |
| (സി) നിർമ്മാണരംഗത്ത് ഉപകരാറുകൾ നൽകി, കൂടിയ നിരക്ക് ഈടാക്കുന്നതും ഗുണനിലവാര പരിശോധന സംവിധാനത്തിന്റെ അഭാവവും സ്ഥാപനത്തിന്റെ സൽപ്പേരിന് കളങ്കമായി തീർന്നത് പരിഹരിക്കാൻ നടപടിയുണ്ടാകുമോ ; വ്യക്തമാക്കുമോ ; | (സി) ഇക്കാര്യത്തിൽ വിജിലൻസ് അന്വേഷണത്തിന് നടപടിയെടുത്തിട്ടുണ്ട്. സിഡ്കോ ഏറ്റെടുത്തിട്ടുള്ള നിർമ്മാണ പ്രവൃത്തികൾ ഗുണനിലവാരം ഉറപ്പുവരുത്തിയും സമയബന്ധിതമായും പൂർത്തിയാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. |
| (ഡി) ഉന്നതതലത്തിലും മധ്യതലത്തിലും മാനേജ്മെന്റിൽ പ്രൊഫഷണലിസം സാധ്യമാക്കി സ്ഥാപനത്തെ കരകയറ്റാൻ നടപടി സ്വീകരിക്കുമോ ; | (ഡി) നടപടി സ്വീകരിച്ചിട്ടുണ്ട്. |

| | | |
|---|---|---|
| (ഇ) | സ്ഥാപന മേധാവി വിജിലൻസ് കേസിൽ പ്രതിയായിട്ടുണ്ടോ ; എങ്കിൽ ആയതിനുള്ള സാഹചര്യം വെളിപ്പെടുത്തുമോ ? | (ഇ) : സ്ഥാപനത്തിന്റെ മുൻ മേധാവി ശ്രീ. സജി ബഷീർ വിജിലൻസ് കേസിൽ പ്രതിയാണ്. മേനംകുളം മണൽ കേസ്, ഒല്ലൂർ വ്യവസായ മേഖലയിലെ ഭൂമി തിരിമറി എന്നിവയിൽ ശ്രീ. സജി ബഷീറിനെതിരെ വിജിലൻസ് കേസ് ഉണ്ട്. സിഡ്കോയിലെ പ്രവർത്തനം സംബന്ധിച്ച് നിലവിലെ മേധാവിയ്ക്കെതിരെ വിജിലൻസ് കേസുകൾ ഉള്ളതായി ഇതുവരെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ.